**പതിനഞ്ചാം കേരള നിയമസഭ**

**സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി**

**(2023-2026)**

**നാൽപ്പത്തിനാലാമത് റിപ്പോർട്ട്**

(2025 സെപ്റ്റംബർ 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി(2016-19)യുടെ**
**പതിനേഴാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ**
**സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച**
**ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

**പതിനഞ്ചാം കേരള നിയമസഭ**

**സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി**
**(2023-2026)**

**നാൽപത്തിനാലാമത് റിപ്പോർട്ട്**

(2025 സെപ്റ്റംബർ 17-ാം തീയതി സമർപ്പിച്ചത്)

**സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി(2016-19)യുടെ**
**പതിനേഴാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ**
**സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച**
**ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

<u>**ഉള്ളടക്കം**</u>


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | - | v |
| അവതാരിക | - | vii |
| റിപ്പോർട്ട് | - | 1 |

**സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി**
**(2023-2026)**

**ഘടന**

**ചെയർപേഴ്സൺ :**

ശ്രീ. എം. എം. മണി, എം.എൽ.എ.

**അംഗങ്ങൾ :**

ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.

ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ.

ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ.

ശ്രീ. എം. മുകേഷ്, എം.എൽ.എ.

ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.

ശ്രീ. വി. കെ. പ്രശാന്ത്, എം.എൽ.എ.

ശ്രീ. സജീവ് ജോസഫ്, എം.എൽ.എ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി അമ്പിളി പി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2023-2026)-യുടെ ചെയർപേഴ്സണായ ഞാൻ കമ്മിറ്റി അധികാരപ്പെടുത്തിയതനുസരിച്ച്, കമ്മിറ്റിയുടെ നാൽപ്പത്തിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിനാലാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനേഴാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

2002-ലെ ജൈവവൈവിധ്യ ആക്റ്റിന് (കേന്ദ്ര നിയമം 2003-ലെ 18) കീഴിൽ സർക്കാർ പുറപ്പെടുവിച്ച 602/2008, 772/2015 എന്നീ നമ്പർ എസ്. ആർ. ഒ.-കളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ചുള്ള പതിനാലാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി(2016-2019)യുടെ പതിനേഴാമത് റിപ്പോർട്ട് 11.12.2018-ന് സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സർക്കാർ മറുപടി 10.08.2022, 26.10.2022, 03.03.2023, 30.04.2025 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും കൂടാതെ അന്തിമ മറുപടി ലഭിക്കാതെയുള്ള ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2025 ജൂലൈ 31-ാം തീയതി ചേർന്ന യോഗത്തിൽ കമ്മിറ്റി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. എം. മണി,<br>
ചെയർപേഴ്സൺ,<br>
സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.

തിരുവനന്തപുരം,<br>
2025 സെപ്റ്റംബർ 17

# റിപ്പോർട്ട്

**സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി(2016-2019)യുടെ പതിനേഴാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

2002-ലെ ജൈവവൈവിധ്യ ആക്റ്റിന് (കേന്ദ്ര നിയമം 2003-ലെ 18) കീഴിൽ സർക്കാർ പുറപ്പെടുവിച്ച 602/2008, 772/2015 എന്നീ നമ്പർ എസ്.ആർ.ഒ.കളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ചുള്ള പതിനാലാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി(2016-2019)യുടെ പതിനേഴാമത് റിപ്പോർട്ട് 11.12.2018-ന് സഭയിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ 5 മുതൽ 34 വരെയുള്ള ഖണ്ഡികകളിലായി 25 ശിപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ പരിസ്ഥിതി വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടുകൾ 10.08.2022, 26.10.2022, 30.04.2025 എന്നീ തീയതികളിലെ യോഗങ്ങളിലും തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടുകൾ 03.03.2023 തീയതിയിലെ യോഗത്തിലും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച അന്തിമ മറുപടികളും ഉൾക്കൊള്ളിച്ചു തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

**സമിതി (2016-2019) യുടെ പതിനേഴാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും**

**<u>എസ്.ആർ.ഒ. നമ്പർ 602/2008</u>**

**<u>ശിപാർശ (ഖണ്ഡിക 5)</u>**

ചട്ടം 11(8) പ്രകാരം "The Quorum at every meeting shall be 1/3$^{rd}$ of total members of the Board. In case of the absence of quorum, the meeting shall be adjourned for half an hour and reconvened" എന്നതിൽ അരമണിക്കൂർ കഴിഞ്ഞതിനുശേഷം 1/3 ക്വാറം ഇല്ലെങ്കിലും യോഗം ചേരാമെന്ന ഒരു അവ്യക്തത പ്രസ്തുത ചട്ടത്തിൽ ഉണ്ടെന്ന് നിരീക്ഷിച്ച സമിതി, മൂന്നിലൊന്ന് ക്വാറമുണ്ടെങ്കിൽ

ബോർഡ് യോഗം ചേരാം എന്ന ഭാഗം നിലനിർത്താനും അരമണിക്കൂറിനുശേഷം ക്വാറമില്ലെങ്കിലും യോഗം ചേരാമെന്ന ഭാഗം ഒഴിവാക്കാനും നിർദ്ദേശിച്ചു.

ചട്ടം 12 (vii)-ലെ unknown potential of every gene in every species of ecosystem എന്നതിനുപകരം bio resources of commercial/economical importance എന്ന രീതിയിൽ മാറ്റം വരുത്തുന്നതാണ് ഉചിതമെന്ന് നിരീക്ഷിച്ച സമിതി ചട്ടം 12 (vii)-ലെ bio conservation and preservation of unknown potential of every gene in every species of ecosystem എന്നത് Bio conservation and preservation of bio resources of commercial/ economical importance എന്ന രീതിയിൽ മാറ്റം വരുത്തുവാൻ സമിതി നിർദ്ദേശിച്ചു.

**<u>ശിപാർശ (ഖണ്ഡിക 6)</u>**

ജൈവവൈവിധ്യ നിയമം 2002-ന്റെ 10-ാം വകുപ്പിൽ "The Chairperson shall be the chief executive of the National Biodiversity Authority and shall exercise such power and perform such duties as may be prescribed" എന്ന് വ്യക്തമാക്കിയിരിക്കുന്നു. കേന്ദ്ര നിയമത്തിലും കേന്ദ്ര ചട്ടത്തിലും വിഭാവനം ചെയ്ത പ്രകാരമാണ് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് രൂപീകരിച്ചിട്ടുള്ളതെന്ന് അഭിപ്രായപ്പെട്ട സമിതി, സംസ്ഥാന ചട്ടത്തിലും നിയമത്തിൽ വിഭാവന ചെയ്ത പ്രകാരമുള്ള പദവി സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാന് നല്കേണ്ടതാണെന്ന് വിലയിരുത്തുന്നു. ആയതിനാൽ powers and responsibility of Chairperson-നുമായി ബന്ധപ്പെട്ട ചട്ടം 13-ൽ, "The Chairperson shall be the chief executive of the State Biodiversity Board എന്ന ചട്ടം കൂടി കൂട്ടിച്ചേർക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**<u>ശിപാർശ (ഖണ്ഡിക 8)</u>**

ജൈവവിഭവവുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകളിലേയ്ക്കുള്ള പ്രവേശനത്തിനും (Access) വാണിജ്യാവശ്യത്തിനായുള്ള ജൈവവൈവിധ്യത്തിന്റെ

ശേഖരിക്കലിനും Form 1 പ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ ചട്ടം 16(1)-ലെ Every person, other than a person referred to in sub-section (2) of Section 3 of the Act seeking approval of the Board for access to collection of biological resources for commercial utilisation എന്നതിൽ for access to, collection of biological resources for commercial utilization എന്ന വാക്കുകൾക്ക് ഇടയ്ക്ക് 'or' ചേർക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുകയും, Form 1-ന്റെ തലക്കെട്ടിലും അപ്രകാരമാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്തു. ആയതിനാൽ ചട്ടം 16(1)-ൽ 'or' എന്ന വാക്ക് ചേർത്ത്, Every person, other than a person referred to in sub-section (2) of Section 3 of the Act seeking approval of the Board for access to or collection of biological resources for commercial utilization or bio-survey and bio-utilization for commercial utilization shall make an application in Form 1 to the Board എന്ന രീതിയിൽ തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കാൻ സമിതി ശിപാർശചെയ്യുന്നു.

**<u>ശിപാർശ (ഖണ്ഡിക 9)</u>**

ചട്ടം 15(2) പ്രകാരം, സംസ്ഥാന ജൈവവൈവിധ്യ ഫണ്ട് പ്രവർത്തിപ്പിക്കേണ്ടത് മെമ്പർ സെക്രട്ടറിയാണെന്നും, ചട്ടം 16(1)-ൽ ഫോറം 1 പ്രകാരമുള്ള അപേക്ഷ ഫോറത്തിനോടൊപ്പം സമർപ്പിക്കേണ്ട ഫീസ് ചെയർപേഴ്സന്റെ പേരിൽ അടയ്ക്കേണ്ടതാണെന്നും നിഷ്കർഷിച്ചിരിക്കുന്നു. സംസ്ഥാന ജൈവവൈവിധ്യ ഫണ്ട് പ്രവർത്തിപ്പിക്കേണ്ട "മെമ്പർ സെക്രട്ടറിയുടെ" പേരിൽ തന്നെ ഫീസ് അടയ്ക്കുന്നതാകും ഉചിതമെന്ന് വിലയിരുത്തിയ സമിതി, ചട്ടം 16(1)-ന്റെ അവസാനഭാഗമായ "shall be in the form of a demand draft or a cheque drawn in favour of the Chairperson payable at the head office of the Board"എന്നത് “shall be in the form of a demand draft or a cheque drawn in favour of the member secretary at the head office of the Board”എന്ന രീതിയിൽ മാറ്റം വരുത്താൻ നിർദ്ദേശിച്ചു. ഇപ്രകാരം ലഭിക്കുന്ന ഫീസ്

നിക്ഷേപിക്കേണ്ട അക്കൗണ്ടിനെ സംബന്ധിച്ച വിശദാംശങ്ങൾ കൂടി ചട്ടത്തിൽ വ്യക്തമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

**ശിപാർശ (ഖണ്ഡിക 10)**

ജൈവവിഭവങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്താനും, ആവാസവ്യവസ്ഥയുടെ പരിപാലനത്തിനും, ജൈവവൈവിധ്യത്തെ സംബന്ധിച്ച അറിവുകൾ കാലാനുസൃതമായി ശേഖരിക്കുവാനും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവരുടെ പരിധിയിൽ ജൈവവൈവിധ്യ പരിപാലന സമിതികൾ രൂപീകരിക്കേണ്ടതാണെന്ന് ജൈവവൈവിധ്യ ആക്ട് 2002-ന്റെ വകുപ്പ് 41-ൽ നിഷ്കർഷിച്ചിരിക്കുന്നു. സംസ്ഥാനത്ത് ജില്ലാതലത്തിലും, ബ്ലോക്ക്തലത്തിലും, ഗ്രാമതലത്തിലും ജൈവവൈവിധ്യ പരിപാലന സമിതികൾ ഉണ്ടാകേണ്ടത് അവശ്യമാണെന്ന് നിരീക്ഷിച്ച സമിതി ചട്ടം 20(1)-ൽ, at all three levels of Panchayat Raj institutions എന്നുകൂടി ചേർക്കേണ്ടതാണെന്ന് അഭിപ്രായപ്പെട്ടു. ആയതിനാൽ Every local body shall constitute a Biodiversity Management Committee (BMC) within its jurisdiction എന്നതിനുശേഷം at all three levels of Panchayat Raj institutions ie., Grama Panchayats, Block & District Panchayats എന്നുകൂടി ചേർക്കുന്നതിന് ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 11)**

ചട്ടം 20-ന്റെ 8-ാം ഉപചട്ടത്തിലെയും 17-ാം ഉപചട്ടത്തിലെയും വിഷയങ്ങൾ സാമ്യമുള്ളതിനാൽ ചട്ടം 20-ന്റെ 17-ാം ഉപചട്ടം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ (ഖണ്ഡിക 13)**

പ്രാദേശിക ജൈവവിഭവങ്ങളെ സംബന്ധിച്ച അറിവ്, അവയുടെ ലഭ്യത, ഉപയോഗം, പരമ്പരാഗത അറിവുകൾ തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളുന്ന ജൈവവൈവിധ്യ രജിസ്റ്ററുകളുടെ രണ്ട് പകർപ്പുകൾ തയ്യാറാക്കേണ്ടതും ആയതിന്റെ ഒരു

പകർപ്പ് ബയോഡൈവേഴ്സിറ്റി ബോർഡിലും, മറ്റൊന്ന് പഞ്ചായത്തിലും സൂക്ഷിക്കേണ്ടതാണെന്ന് സമിതി മനസ്സിലാക്കുന്നു. അതിൻപ്രകാരം ചട്ടം 2(5)d-യിൽ "and" എന്ന വാക്കിനുശേഷം "the other" എന്ന വാക്കുകൂടി ഉപയോഗിക്കേണ്ടതാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ Two copies of the People's Biodiversity Register shall be prepared, of which one shall be submitted to the Board for statutory authorization and for the preparation of a district level database എന്ന ചട്ടം 2(5)d-യിൽ "the other" എന്ന വാക്കുകൂടി ചേർത്ത് "Two copies of the People's Biodiversity Register shall be prepared of which one shall be submitted to the Board for statutory authorization and the other for the preparation of a district level database" എന്ന രീതിയിൽ മാറ്റം വരുത്താൻ സമിതി നിർദ്ദേശിച്ചു.

**ശിപാർശ (ഖണ്ഡിക 14)**

ചട്ടം 2(5)(e)-യ്ക്ക് താഴെയായുള്ള '18' എന്ന അക്കം, ബ്രാക്കറ്റിൽ ഉൾക്കൊള്ളിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

**സർക്കാരിൽ നിന്നും ലഭിച്ച മറുപടി**

**(ശിപാർശ ഖണ്ഡികകൾ – 5, 6, 8, 9, 10, 11, 13, 14)**

സമിതിയുടെ 17-ാമത് റിപ്പോർട്ടിലെ 5, 6, 8, 9, 10, 11, 13, 14 ഖണ്ഡികകളിൽ ശിപാർശ ചെയ്തപ്രകാരം 2008-ലെ കേരള സംസ്ഥാന ജൈവവൈവിധ്യ ചട്ടം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരുന്നു. 2002-ലെ ജൈവവൈവിധ്യ ആക്റ്റിന്റെ (കേന്ദ്ര നിയമത്തിന്റെ) അടിസ്ഥാനത്തിൽ വിജ്ഞാപനം ചെയ്തിട്ടുള്ളതായിരുന്നു 2008-ലെ സംസ്ഥാന ജൈവവൈവിധ്യ റൂൾ. ടി ചട്ടത്തിൽ സമിതി ഭേദഗതി നിർദ്ദേശിച്ചത് 2018-ൽ ആണെങ്കിലും 2002-ലെ ജൈവവൈവിധ്യ ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാരിൽ അന്തിമ ഘട്ടത്തിലാണെന്നുള്ള വസ്തുത പരിഗണിച്ച സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ 17-ാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരമുള്ള ഭേദഗതി കേന്ദ്രനിയമം

നിലവിൽ വന്നശേഷം നടപ്പിലാക്കുന്നതാവും ഉചിതം എന്ന് ഭരണതലത്തിൽ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം 03.07.2023-ലെ സർക്കാർ റിപ്പോർട്ട് പ്രകാരം സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിരുന്നു. തുടർന്നും ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു.

2023-ൽ കേന്ദ്ര സർക്കാർ ജൈവവൈവിധ്യ നിയമം 2002 ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ ഇതുമായി ബന്ധപ്പെട്ട ചട്ടം ഭേദഗതി ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ പരിഗണനയിലാണ്. 2002-ലെ കേന്ദ്ര ജൈവവൈവിധ്യ നിയമം, 2004-ലെ കേന്ദ്ര ജൈവവൈവിധ്യ ചട്ടം എന്നിവ അടിസ്ഥാനമാക്കി പുറപ്പെടുവിച്ചിട്ടുള്ളതാണ് 2008-ലെ കേരള സംസ്ഥാന ജൈവവൈവിധ്യ ചട്ടം. 2023 - Biological Diversity (Amendment) Act-ന് 01.04.2024 മുതൽ പ്രാബല്യം നൽകി കേന്ദ്ര സർക്കാർ 18.01.2024 തീയതിയിൽ SO 295 (E) നമ്പറായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 2002-ലെ Biological Diversity Act പ്രകാരം ചട്ടങ്ങൾ നിർമ്മിക്കുന്നതിന് വ്യവസ്ഥ ചെയ്തിരുന്ന വകുപ്പുകളിൽ 7, 19, 20, 24, 40, 41, 44, 45, 46, 55A, 55B എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾക്ക് പകരം, 2023-ലെ Biological Diversity (Amendment) Act പ്രകാരം പുതിയ വ്യവസ്ഥകൾ ഉൾപ്പെടുത്തിട്ടുണ്ട്. ഭേദഗതി ആക്റ്റ് പ്രകാരം ഉൾപ്പെടുത്തിയ വകുപ്പ് 10A(2)-ഉം ചട്ടങ്ങൾ നിർമ്മിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

ഇക്കാര്യങ്ങൾ പരിഗണിച്ച് സമിതിയുടെ പതിനേഴാമത് റിപ്പോർട്ടിലെ 5, 6, 8, 9, 10, 11, 13, 14 ഖണ്ഡികകളിൽ ശിപാർശ ചെയ്തിട്ടുള്ള ഭേദഗതി നിർദേശം നടപ്പിലാക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്നും അഭ്യർഥിക്കുന്നു. പ്രസ്തുത മറുപടി പരിഗണിച്ച സമിതി വകുപ്പിന്റെ അഭ്യർത്ഥന അംഗീകരിച്ചു.

[പരിസ്ഥിതി (എ) വകുപ്പിന്റെ 01.03.2025-ലെ ENVT-A2/186/2017-ENVT നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 30.04.2025-ൽ ചേർന്ന സമിതി യോഗം പരിഗണിച്ച് അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 7)**

ജൈവവൈവിധ്യത്തെ സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ജൈവവൈവിധ്യം കാത്തുസൂക്ഷിച്ച് ജനസമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടി വിനിയോഗിക്കുന്നതിനുമായി സംസ്ഥാന ജൈവവൈവിധ്യ ഫണ്ട് രൂപീകരിക്കണമെന്ന് ജൈവ വൈവിധ്യ ആക്റ്റ് 2002-ന്റെ വകുപ്പ് 32-ൽ നിഷ്കർഷിച്ചിരിക്കുന്നു. വകുപ്പ് 32 നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം സംസ്ഥാന ജൈവവൈവിധ്യ ഫണ്ട് 2012-ൽ രൂപീകരിക്കുകയും പ്രസ്തുത ഫണ്ടിന്റെ വിനിയോഗം “in accordance with decision of the Board and such other bye-laws as may be framed”എന്ന ചട്ടം 15(1) പ്രകാരമായിരിക്കണമെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. ചട്ടപ്രകാരം സംസ്ഥാന ജൈവവൈവിധ്യ ഫണ്ടിന്റെ വിനിയോഗം കാര്യക്ഷമമാക്കുന്നതിന് ബോർഡിന്റെ തീരുമാനത്തിന് പുറമെ "Bye-laws”പ്രകാരവും ആയിരിക്കേണ്ടതുണ്ടെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ സംസ്ഥാന ജൈവവൈവിധ്യ ഫണ്ടിന്റെ വിനിയോഗത്തിന് രേഖാമൂലമുള്ള നിർദ്ദേശങ്ങൾ ഉണ്ടാകേണ്ടതിന് 'നിയമാവലി' (Bye-laws) നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാരിൽ നിന്നും ലഭിച്ച മറുപടി**

കേരള ബയോളജിക്കൽ ഡൈവേഴ്സിറ്റി റൂൾ 2008, റൂൾ 15(1) അനുശാസിക്കും പ്രകാരമുള്ള സംസ്ഥാന ജൈവവൈവിധ്യ ഫണ്ട് 18.01.2020-ലെ സ.ഉ. (സാധാ)7/2021/പരി/നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിലവിൽ വന്നിട്ടുണ്ട്. കേരള ജൈവവൈവിധ്യ ഫണ്ട്  നടപ്പാക്കുന്നത് സംബന്ധിച്ചും അതിന്റെ ഭരണപരമായ നിർവ്വഹണം, വിനിയോഗം, ഓഡിറ്റിംഗ് എന്നിവ സംബന്ധിച്ചും ജൈവവൈവിധ്യ

സംരക്ഷണം, സുസ്ഥിര ഉപയോഗം, പ്രയോജനങ്ങളുടെ നീതിപൂർവ്വകമായ പങ്കുവയ്ക്കൽ എന്നിവ സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾക്കാണ് പ്രസ്തുത ഫണ്ടിന്റെ വിനിയോഗം അർത്ഥമാക്കുന്നത്.

[പരിസ്ഥിതി (എ) വകുപ്പിന്റെ 11.05.2022-ലെ എ 2/186/2017/പരി. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 10.08.2022-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 12)**

ചട്ടം 22 പ്രകാരം, ജൈവവൈവിധ്യ പരിപാലന സമിതികൾ ആന്വൽ റിപ്പോർട്ടും, ആന്വൽ സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സും തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും, തദ്ദേശസ്വയംഭരണ സ്ഥാപനം ബയോഡൈവേഴ്സിറ്റി ബോർഡിനും സമർപ്പിക്കേണ്ടതായിട്ടുണ്ട്. ആന്വൽ റിപ്പോർട്ടും, ആന്വൽ സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സും സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ജൈവവൈവിധ്യ പരിപാലന സമിതികളുടെ പ്രവർത്തനത്തെ സംബന്ധിച്ചും, വരവ് ചെലവുകളെക്കുറിച്ച് മനസ്സിലാക്കുന്നതിനും സഹായിക്കുന്ന ആന്വൽ റിപ്പോർട്ടും, ആന്വൽ സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സും സമർപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാരിൽ നിന്നും ലഭിച്ച മറുപടി**

എല്ലാ ബി.എം.സി.കൾക്കും വാർഷിക റിപ്പോർട്ടും വാർഷിക ചെലവും വിവരങ്ങളും സമയബന്ധിതമായി ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള നിർദ്ദേശം ബോർഡിൽ നിന്നും നൽകിയിട്ടുണ്ട്.

[പരിസ്ഥിതി (എ) വകുപ്പിന്റെ 11.05.2022-ലെ എ 2/186/2017/പരി. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 10.08.2022-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.]

**എസ്.ആർ.ഒ. നമ്പർ 772/2015 തീയതി 20.11.2015**

**ശിപാർശ (ഖണ്ഡിക 22)**

നമ്മുടെ ജൈവസമ്പത്ത് നിലനിർത്തേണ്ടത് ഓരോ പൗരന്റെയും കടമയാണ്.

പച്ചപ്പുകൾ നശിപ്പിക്കപ്പെടുന്നത് ഒരളവുവരെ ജൈവസമ്പത്ത് കുറയുന്നതിന് ഒരു കാരണമാണ്. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഭാഗമായി റോഡുകളുടെ അരികുകൾ വെട്ടി പച്ചപ്പുകൾ നശിപ്പിക്കുന്ന പ്രവണത കാണപ്പെടുന്നതായി വയനാട് ജില്ലാ സന്ദർശനത്തിലും, തൊഴിലുറപ്പിന്റെ ചില പ്രവർത്തനങ്ങൾ നെല്ലിയാംപതിയിലും ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയതായി പാലക്കാട് സന്ദർശനത്തിലും സമിതിക്ക് മനസ്സിലാക്കാൻ സാധിച്ചു. അതിരപ്പള്ളി, ഗായത്രിപ്പുഴ, ചിറ്റൂർപ്പുഴ (ഭാരതപ്പുഴ) എന്നീ മൂന്ന് പുഴകളുടെ ഉത്ഭവ സ്ഥാനമായ നെല്ലിയാമ്പതിയിലെ ചതുപ്പുകളെല്ലാം തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി വെട്ടിമാറ്റിയതിന്റെ ഫലമായി മണ്ണ് മുഴുവൻ ഒലിച്ചുപോവുകയും, അക്കാരണത്താൽ വേനൽകാലത്ത് അതിരൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നതായും സമിതി മുമ്പാകെ തെളിവ് നൽകപ്പെട്ടിരുന്നു. തൊഴിലുറപ്പ് പദ്ധതി ചെയ്യുന്നവരുടെ മനുഷ്യവിഭവശേഷി ജൈവവൈവിധ്യം സംരക്ഷിക്കാൻ സാധ്യമാകുംവിധം ഉപയോഗപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. തനത് പ്രദേശത്തെ ജൈവവൈവിധ്യത്തിന് കോട്ടം തട്ടാത്ത രീതിയിൽ ബി.എം.സി.കളുമായി സഹകരിച്ച് ജൈവവൈവിധ്യ സംരക്ഷണവും ആവാസ വ്യവസ്ഥയുടെ സംരക്ഷണവും നടപ്പിലാക്കുന്നതിന് തൊഴിലുറപ്പ് പദ്ധതികൾ പ്രയോജനപ്പെടുത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടു. മാത്രമല്ല, പ്രസ്തുത പദ്ധതി തണ്ണീർത്തടങ്ങളെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും പ്രയോജനപ്പെടുത്താൻ സാധിക്കുമെങ്കിൽ ധാരാളം ആവാസവ്യവസ്ഥകളെ നമുക്ക് സംരക്ഷിക്കാൻ സാധിക്കുമെന്നും സമിതി നിരീക്ഷിക്കുകയുണ്ടായി. ആയതിനാൽ ജൈവവൈവിധ്യ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, തൊഴിലുറപ്പ് പദ്ധതിയെ ആവാസവ്യവസ്ഥയെ നശിപ്പിക്കാതെ, ജൈവസംരക്ഷണ പ്രവൃത്തിയാക്കി മാറ്റുന്നതിനുള്ള ഉചിതമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സർക്കാരിൽ നിന്നും ലഭിച്ച മറുപടി**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം പ്രവൃത്തികൾ നിർവ്വഹിക്കുന്നത് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ച മാസ്റ്റർ സർക്കുലറിലെ നിബന്ധനകൾക്ക് വിധേയമായാണ്. പദ്ധതിക്ക് കീഴിൽ ഏറ്റെടുക്കുന്ന 65% പ്രവൃത്തികൾ പ്രകൃതിവിഭവ പരിപാലനവും ആയി ബന്ധപ്പെട്ടവ ആയിരിക്കണം എന്ന് സർക്കുലർ നിഷ്കർഷിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ പ്രകൃതിക്ക് അനുയോജ്യമായ രീതിയിലും ജൈവസംരക്ഷണം ഉറപ്പ് വരുത്തുന്ന രീതിയിലും ഉള്ള പ്രവൃത്തികളാണ് നിലവിൽ നിർവ്വഹിച്ചു വരുന്നത്. കൂടാതെ ആവാസവ്യവസ്ഥയെ നശിപ്പിക്കാതെ ജൈവമണ്ണ് സംരക്ഷണ പ്രവൃത്തികൾക്ക് ഊന്നൽ നൽകിക്കൊണ്ട് സ്ഥായിയായ ആസ്തികൾ സൃഷ്ടിച്ച് ജൈവസമ്പത്ത് സംരക്ഷിക്കുന്ന രീതിയിൽ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും കാട്ടുവെട്ടൽ പോലുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കരുതെന്നും ഗ്രാമപഞ്ചായത്തുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നിരുന്നാലും ചില സ്ഥലങ്ങളിൽ എങ്കിലും നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട് എന്ന നിരീക്ഷണം ഗൗരവത്തോടെ കാണുന്നു. ഇത്തരത്തിലുള്ള പ്രവൃത്തികൾ നടത്തരുത് എന്ന നിർദ്ദേശം കൂടുതൽ കർശനമായി ബന്ധപ്പെട്ടവർക്ക് നൽകുന്നതാണ് എന്ന് തൊഴിലുറപ്പ് മിഷൻ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സമിതി റിപ്പോർട്ടിൽ പ്രത്യേകം പരാമർശിച്ചിരിക്കുന്ന നെല്ലിയാമ്പതി-യിലെയും വയനാട്ടിലെയും റിസർവ്വ് ഫോറസ്റ്റ് പ്രദേശങ്ങളിൽ വനം വകുപ്പ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ തന്നെയാണ് തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ പ്രകൃതിവിഭവ പരിപാലനം ഉറപ്പ് വരുത്തുന്നതും, വന്യജീവികൾക്ക് പ്രയോജനകരമാകുന്ന ജലസംരക്ഷണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതും. നിർമ്മാണ പ്രവർത്തനങ്ങളിൽ പ്രകൃതി സൗഹൃദ മാർഗ്ഗങ്ങളും പ്രവർത്തന രീതികളുമാണ് ഇവിടങ്ങളിൽ അവലംബിക്കുന്നത്. ഉദാഹരണമായി ഈ മേഖലയിൽ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സർക്കാർ അനുവദിച്ച് നൽകിയിട്ടുള്ള ഭൂമിയിലേയ്ക്ക് വാഹന സൗകര്യം

ലഭ്യമാക്കുന്നതിനും/സാധനസാമഗ്രികൾ എത്തിക്കുന്നതിനുമായി തികച്ചും പ്രകൃതി സൗഹൃദമായ കയർ ഭൂവസ്ത്രം ഉപയോഗിച്ചാണ് ഗ്രാമീണ റോഡ് നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിച്ചുവരുന്നത്. കൂടാതെ പ്രസ്തുത വനമേഖലയിലെ ചെറുനീരുറവകളുടെയും ചോലകളുടെയും സംരക്ഷണത്തിന് ഉതകുന്ന കാട്ടുകല്ലുകൾ ഉപയോഗിച്ചുള്ള ചെക്ക് ഡാം നിർമ്മാണ പ്രവൃത്തികളാണ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത്.

[തദ്ദേശസ്വയംഭരണ (ഡി.ഡി.) വകുപ്പിന്റെ 01.12.2022-ലെ ഡി.ഡി.2/385/ 2022/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 03.03.2023-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.]

<u>**ശിപാർശ (ഖണ്ഡിക 23)**</u>

അപൂർവ്വമായ ജൈവവൈവിധ്യം നിലനിർത്തി സംരക്ഷിക്കുന്നവർക്കും ജൈവസംരക്ഷണത്തിന് തയ്യാറായിട്ടുള്ള കർഷകർക്കും സ്പെഷ്യൽ ഇൻസെന്റീവ് നല്കാൻ കഴിയുമെങ്കിൽ ആയത് ജൈവസംരക്ഷണം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കും. പ്രത്യേക നാട്ടുമാവിനങ്ങൾ, നെല്ലിനങ്ങൾ, ചില പ്രത്യേക കിഴങ്ങ് വർഗ്ഗങ്ങൾ, പ്രത്യേക ബ്രീഡ് ആനിമൽസ് എന്നിവയെ സംരക്ഷിക്കുന്നതിന് ബോർഡ് ഫണ്ട് നൽകി വരുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഒരു ജൈവവൈവിധ്യത്തെയോ ആവാസവ്യവസ്ഥയെയോ പരിരക്ഷിക്കുമ്പോൾ അതിലൂടെ സമൂഹത്തിനും സർക്കാരിനുമുണ്ടാകുന്ന ലാഭം, സുസ്ഥിര വികസനത്തിന് ഉണ്ടാകുന്ന മെച്ചം തുടങ്ങിയ കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള മൂല്യനിർണ്ണയം നടത്തി തക്കതായ സാമ്പത്തിക സഹായം കൊടുക്കുന്നതിന് സംവിധാനം ഉണ്ടെങ്കിൽ മാത്രമേ ജനങ്ങൾ, തങ്ങൾക്ക് ചുറ്റുമുള്ള ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന് കൂടുതൽ ജാഗ്രത പുലർത്തുകയുള്ളൂവെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ഒരു ജൈവവൈവിധ്യത്തെയോ ആവാസ വ്യവസ്ഥയെയോ പരിരക്ഷിക്കുമ്പോൾ അതിലൂടെ സമൂഹത്തിനും സർക്കാരിനുമുണ്ടാകുന്ന ലാഭം, സുസ്ഥിര വികസനത്തിനുണ്ടാകുന്ന മെച്ചം

എന്നിവ കണക്കിലെടുത്തുകൊണ്ട് മൂല്യനിർണ്ണയം നടത്തി, അപൂർവ്വമായ ജൈവവൈവിധ്യം നിലനിർത്തി സംരക്ഷിക്കുന്നവർക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സർക്കാരിൽ നിന്നും ലഭിച്ച മറുപടി**

എല്ലാ വർഷവും 13 വിഭാഗങ്ങളിൽ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നവർക്കായി കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രാദേശികമായി ജൈവവൈവിധ്യം സംരക്ഷിക്കുന്നവർക്ക് 4 വിഭാഗങ്ങളിലായി നൽകുന്ന അവാർഡുകളും ഇതിൽ ഉൾപ്പെടുന്നു. ജൈവവൈവിധ്യ പരിസ്ഥിതി സംരക്ഷകൻ, ജനിതക ജൈവവൈവിധ്യ സംരക്ഷകൻ (സസ്യങ്ങൾ), ജനിതക ജൈവവൈവിധ്യ സംരക്ഷകൻ (ജന്തുക്കൾ), ജൈവവൈവിധ്യ ഗവേഷകൻ എന്നിവയാണ് ഈ 4 വിഭാഗങ്ങൾ.

[പരിസ്ഥിതി (എ) വകുപ്പിന്റെ 11.05.2022-ലെ എ 2/186/2017/പരി. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 10.08.2022-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 24)**

2002-ലെ ജൈവവൈവിധ്യ ആക്റ്റിന്റെ വകുപ്പ് 41, 2008-ലെ സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങളിലെ ചട്ടം 20(1) എന്നിവ പ്രകാരം ജൈവവൈവിധ്യ പരിപാലന സമിതികൾ (ബി.എം.സി.) രൂപീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുള്ള ജൈവവൈവിധ്യ സംരക്ഷണവും ജൈവവിഭവങ്ങളുടെ സുസ്ഥിരോപയോഗവും ഉറപ്പുവരുത്തുക, ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങളുടെ പരിപാലനം, വാണിജ്യാവശ്യങ്ങൾക്ക് ജൈവവിഭവങ്ങൾ ഉപയോഗിക്കുന്നതിലൂടെ ഉണ്ടാകുന്ന നേട്ടങ്ങളുടെ പങ്കുവയ്ക്കൽ, ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ, രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള പരമ്പരാഗത അറിവുകളുടെ സംരക്ഷണം തുടങ്ങിയ പ്രധാനപ്പെട്ട

ചുമതലകൾ ജൈവവൈവിധ്യ പരിപാലന സമിതികൾ നിർവ്വഹിക്കേണ്ടതായി വരുന്നുണ്ട്. ഇത്തരം പ്രധാനപ്പെട്ട ചുമതലകൾ വഹിക്കുന്ന ജൈവവൈവിധ്യ പരിപാലന സമിതികളുടെ നിർദ്ദേശങ്ങൾക്ക് അർഹമായ പ്രാധാന്യം നൽകേണ്ടതും മനുഷ്യ പ്രവർത്തികൊണ്ട് ജൈവവൈവിധ്യം നഷ്ടപ്പെട്ടു പോകുന്നുവെന്ന് ജൈവവൈവിധ്യ പരിപാലന സമിതികൾ റിപ്പോർട്ട് ചെയ്തുകഴിഞ്ഞാൽ, അവരുടെ റിപ്പോർട്ടിന് മുൻഗണന നൽകി ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടി ഉണ്ടാകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>**

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി നിർദ്ദേശിച്ച 12 സുപ്രധാന വിവരങ്ങൾ ഉൾപ്പെടുത്തി ബി.എം.സി.കളെ ശാക്തീകരിക്കണമെന്ന് പൊതു ഉത്തരവ് പുറപ്പെടുവിക്കാൻ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ വിഷയം പഞ്ചായത്ത് വകുപ്പിന്റെ കോർഡിനേഷൻ കമ്മിറ്റിയിൽ അവതരിപ്പിച്ചു.

[പരിസ്ഥിതി (എ) വകുപ്പിന്റെ 11.05.2022-ലെ എ 2/186/2017/പരി. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 10.08.2022-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.]

**<u>ശിപാർശ (ഖണ്ഡിക 25)</u>**

ജൈവവൈവിധ്യ പരിപാലന സമിതികൾക്ക് ചട്ടം 20 പ്രകാരം ഘടന നിശ്ചയിച്ചിട്ടുണ്ടെങ്കിലും പല പഞ്ചായത്തുകളിലും ഘടനയ്ക്ക് വിരുദ്ധമായി അംഗങ്ങളെ നിശ്ചയിക്കുന്നുണ്ടെന്ന് സമിതിയുടെ സന്ദർശന യോഗങ്ങളിൽ വ്യക്തമാക്കപ്പെട്ടു. ചട്ടം 20(2) പ്രകാരം, തദ്ദേശ സ്ഥാപനങ്ങളുടെ ഭരണ സമിതി നിർദ്ദേശിക്കുന്ന ആറ് അംഗങ്ങൾ കമ്മിറ്റിയിൽ ഉണ്ടായിരിക്കണം. നാട്ടുവൈദ്യന്മാർ, കർഷകർ, വനവിഭവങ്ങൾ ശേഖരിക്കുന്നവർ/വിൽപ്പനക്കാർ, മത്സ്യത്തൊഴിലാളികൾ, ജൈവവൈവിധ്യം ഉപയോഗിക്കുന്നവരുടെ സംഘടനയിലെ അംഗങ്ങൾ, സാമൂഹിക

സേവകർ, അദ്ധ്യാപകർ, ഗവേഷകർ, ബി.എം.സി. പ്രവർത്തനങ്ങളുടെ ഭാഗമാകുവാൻ കഴിയുമെന്ന വിശ്വാസമുള്ള ഏതെങ്കിലും സന്നദ്ധ സംഘടനയിലെ വ്യക്തികൾ തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ടവരാകണം തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളെന്നും പ്രസ്തുത ചട്ടത്തിൽ നിഷ്കർഷിച്ചിരിക്കുന്നു. നിശ്ചിത വിഭാഗത്തിൽപ്പെട്ടവർ തന്നെ ആ സമിതികളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടണമെന്ന് പരിശോധിക്കേണ്ടത് ആവശ്യമാണ്. ബി.എം.സി.കൾ രൂപീകരിച്ചു കഴിഞ്ഞാൽ അതിലെ അംഗങ്ങൾ ചട്ടപ്രകാരമുള്ളവർ തന്നെയാണോയെന്ന് ജൈവവൈവിധ്യ ബോർഡ് തലത്തിൽ റിവ്യൂ നടത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**ശിപാർശ (ഖണ്ഡിക 26)**

ജൈവവൈവിധ്യ പരിപാലന സമിതികൾ യഥാസമയം യോഗങ്ങൾ ചേരുന്നില്ലെന്നാണ് സമിതിയുടെ അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്. ബി.എം.സി. യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ ചേരണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതോടൊപ്പം ബി.എം.സി. യോഗങ്ങളിൽ ബോർഡിന്റെ പ്രതിനിധികൂടി വർഷത്തിൽ ഒരിക്കലെങ്കിലും പങ്കെടുക്കുന്നത് ഉചിതമായിരിക്കുമെന്നും സമിതി അഭിപ്രായപ്പെടുന്നു. ബി.എം.സി.കളുടെ പ്രവർത്തനത്തെ സംബന്ധിച്ച് ജില്ലാതലത്തിലോ സംസ്ഥാന തലത്തിലോ ബയോഡൈവേഴ്സിറ്റി ബോർഡ് പീരിയോഡിക്കൽ റിവ്യൂ നിർവ്വഹിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സർക്കാരിൽ നിന്നും ലഭിച്ച മറുപടി (ഖണ്ഡിക 25, 26)**

ബി.എം.സി.കളുടെ രൂപീകരണം ജൈവവൈവിധ്യ നിയമം നിഷ്കർഷിക്കും പ്രകാരമാണോ എന്ന് പരിശോധിക്കുന്നതിനും, അവയുടെ പ്രവർത്തനം വിലയിരുത്തുന്നതിനും ജൈവവൈവിധ്യ ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നു.

[പരിസ്ഥിതി (എ) വകുപ്പിന്റെ 11.05.2022-ലെ എ 2/186/2017/പരി. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 10.08.2022-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 27)**

ബി.എം.സി.കൾക്ക് പഞ്ചായത്ത് തലത്തിൽ മാത്രമാണ് കമ്മിറ്റി ഉള്ളതെന്നും, ആയതിന്റെ പ്രവർത്തനം ജില്ലാതലത്തിൽ വ്യാപിപ്പിക്കേണ്ടത് ആവശ്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു. പഞ്ചായത്ത് തലത്തിലുള്ള പ്രവർത്തനങ്ങൾക്ക് കൃത്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനും വിശകലനം ചെയ്യുന്നതിനും ജില്ലാതല കമ്മിറ്റികളും വാർഡുതല കമ്മിറ്റികളും രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>**

ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിലെ ബി.എം.സി.കളെ കൂടാതെ ജില്ലാ പഞ്ചായത്തുകളിലും, ബ്ലോക്ക് പഞ്ചായത്തുകളിലും 2019 ഡിസംബറിൽ ബി.എം.സി.കൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ബി.എം.സി.കളുടെ പ്രവർത്തനം കാര്യക്ഷമമായി വിലയിരുത്തുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം നൽകുന്നതിനും ജില്ലാ ആസൂത്രണ സമിതിയുടെ മേൽ നോട്ടത്തിൽ എല്ലാ ജില്ലകളിലും ജില്ലാതല ജൈവവൈവിധ്യ കോ-ഓർഡിനേഷൻ കമ്മിറ്റി (District Level Biodiversity Co-ordination Committee –DBCC) രൂപീകരിക്കുന്നതിന് പ്രസ്തുത കമ്മിറ്റിയുടെ കരട്, ഘടന, ചുമതലകൾ എന്നിവ സഹിതം തദ്ദേശസ്വയംഭരണ വകുപ്പിനോട് സംസ്ഥാന ജൈവവൈവിധ്യ ബോർഡ് അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം 12.04.2022-ന് പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന നാലാമത് സംസ്ഥാനതല ജൈവവൈവിധ്യ സ്റ്റിയറിംഗ് കമ്മിറ്റി യോഗം ചർച്ച ചെയ്യുകയും, എല്ലാ ജില്ലകളിലും ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ സബ് കമ്മിറ്റി എന്ന നിലയിൽ DBCC രൂപീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനോട് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

[പരിസ്ഥിതി (എ) വകുപ്പിന്റെ 22.10.2022-ലെ എ 2/186/2017/പരി. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 26.10.2022-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.]

**<u>ശിപാർശ (ഖണ്ഡിക 28)</u>**

പ്രകൃതി വിഭവങ്ങൾ ഉപയോഗിക്കുന്നവർ ജൈവവൈവിധ്യ ബോർഡുമായി

ഉണ്ടാക്കുന്ന കരാറിൽ പ്രകൃതി വിഭവങ്ങളുടെ conservation, protection, benefit sharing എന്നിവയ്ക്ക് പ്രാധാന്യം നൽകേണ്ടതാണെന്ന് ചട്ടം 16-ൽ വ്യക്തമാക്കുന്നു. വ്യാവസായികാടിസ്ഥാനത്തിൽ ജൈവവിഭവങ്ങൾ ഉപയോഗിക്കുന്നവർ അവരുടെ വരുമാനത്തിന്റെ ഒരു വിഹിതം ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് തിരിച്ച് നൽകേണ്ടതുണ്ടെങ്കിലും വ്യാവസായികാടിസ്ഥാനത്തിൽ ജൈവവിഭവങ്ങൾ ഉപയോഗിക്കുന്നവർ ആരും benefit sharing-ന് തയ്യാറായിട്ടില്ലെന്നാണ് സമിതിക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. ഏതാണ്ട് 2500 കമ്പനികൾക്ക് ജൈവവൈവിധ്യ ബോർഡ് benefit sharing-മായി ബന്ധപ്പെട്ട് നോട്ടീസുകൾ അയച്ചിട്ടും ആയതിൽ കാര്യമായ നടപടികൾ ഉണ്ടായിട്ടില്ലെന്ന് മാത്രമല്ല ഇത് സംബന്ധിച്ച് കമ്പനികൾ കോടതിയെ സമീപിച്ചതായും സമിതി മനസ്സിലാക്കുന്നു. പ്രകൃതി വിഭവങ്ങളെ ഭാവി തലമുറയ്ക്ക് വേണ്ടി സംരക്ഷിക്കേണ്ടത് ഓരോ പൗരന്മാരുടെയും കർത്തവ്യമാണ്. അതുകൊണ്ടുതന്നെ പ്രകൃതി സമ്പത്ത് വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗിക്കുന്നവർ, ലാഭത്തിന്റെ ഒരു ഭാഗം പ്രകൃതി സംരക്ഷണത്തിനും അതിന്റെ വികസനത്തിനുമായി നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. ആയതിനാൽ വാണിജ്യാടിസ്ഥാനത്തിൽ പ്രകൃതി സമ്പത്ത് ഉപയോഗിക്കുന്നവരിൽ നിന്നുള്ള ഒരു വിഹിതം ജൈവവൈവിധ്യ ബോർഡിന് ലഭിക്കുന്നതിന് ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാരിൽ നിന്നും ലഭിച്ച മറുപടി**

Access Benefit Sharing (ABS) സുഗമമാക്കുന്നതിന് വേണ്ടി ജൈവവൈവിധ്യ നിയമത്തിലെ വിവിധ സെക്ഷനുകൾ (സെക്ഷൻ 3, 6) നിഷ്കർഷിക്കുന്ന പ്രകാരം, ജൈവസമ്പത്തിന്റെ ഉപയോഗത്തിനായുള്ള അനുമതിക്കായി അപേക്ഷ ലഭിക്കുമ്പോൾ പ്രസ്തുത അപേക്ഷയിന്മേൽ തീരുമാനമെടുക്കുന്നതിനായി ജൈവവൈവിധ്യ ബോർഡ് ചില മാർഗ്ഗനിർദ്ദേശങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ഫോറം 1, 3 എന്നിവ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളുടെ

അടിസ്ഥാനത്തിലാണ് പരിഗണിക്കേണ്ടത്. ജൈവവൈവിധ്യ നിയമവും ചട്ടങ്ങളും അനുശാസിക്കും പ്രകാരം ഫോറം 1-ൽ അപേക്ഷ നൽകാൻ നിർദ്ദേശിച്ചുകൊണ്ട് ബോർഡ് എല്ലാ വ്യവസായ സ്ഥാപനങ്ങൾക്കും നോട്ടീസ് അയച്ചിട്ടുണ്ടെങ്കിലും പല സ്ഥാപനങ്ങളും ബോർഡിന്റെ ഉത്തരവുകൾ മറികടന്നുകൊണ്ട് ജൈവസമ്പത്ത് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ജൈവവൈവിധ്യ ആക്ട് 2002-ലെ സെക്ഷൻ 7-ഉം, കേരള ബയോളജിക്കൽ ഡൈവേഴ്സിറ്റി റൂൾസ് 2008-ലെ ചട്ടങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ബോർഡ് സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ Access Benefit Sharing നടപ്പാക്കുന്നതിനെതിരെ ആയുർവേദ മരുന്ന് നിർമ്മാണ കമ്പനികൾ ബഹു. കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതും സ്റ്റേ സമ്പാദിച്ചിട്ടുള്ളതുമാണ്. അന്തിമ ഉത്തരവ് വരുന്നതിന് വിധേയമായി ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

[പരിസ്ഥിതി (എ) വകുപ്പിന്റെ 11.05.2022-ലെ എ 2/186/2017/പരി. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 10.08.2022-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 29)**

പ്രാദേശിക ജൈവവിഭവങ്ങൾ കൂടുതലുള്ളതും, വംശനാശ ഭീഷണി നേരിടുന്ന ജീവജാലങ്ങളുള്ളതും, പരിസ്ഥിതിലോല ആവാസ കേന്ദ്രങ്ങൾ നിലനിൽക്കുന്നതുമായ അതീവ ജൈവവൈവിധ്യ പ്രാധാന്യമുള്ള പ്രദേശമാണ് ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ (Biodiversity Heritage Sites). ജൈവവൈവിധ്യ നിയമം, വകുപ്പ് 37(1) പ്രകാരം സംസ്ഥാന സർക്കാരിന് തദ്ദേശ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് ഇത്തരം പ്രദേശങ്ങളെ ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ ആയി ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യാമെന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഏകദേശം 110 ഇനം സസ്യങ്ങളും 6 ഇനം ദേശാടന പക്ഷികളുമുൾപ്പടെ 62 തരം പക്ഷികളും, കൂടാതെ സസ്തനികളും

ഉരഗങ്ങളും ചിത്രശലഭങ്ങളും അധിവസിക്കുന്ന കൊല്ലം ആശ്രാമം കണ്ടൽകാടിനെ ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി പ്രഖ്യാപിക്കുന്നതിനായി ശിപാർശ നൽകിയിട്ടുള്ളതായും അങ്ങനെ ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി പ്രഖ്യാപിക്കുന്ന സ്ഥലങ്ങളിൽ മറ്റ് പ്രവർത്തനം നടത്താൻ സാധിക്കില്ലെന്നും, പ്രസ്തുത സ്ഥലം സംരക്ഷിക്കപ്പെടുകയും പോഷിപ്പിക്കപ്പെടുകയും ചെയ്യുമെന്നും സമിതി മനസ്സിലാക്കുന്നു. അതീവ ജൈവവൈവിധ്യ പ്രാധാന്യമുള്ള പ്രദേശമായി കണ്ടെത്തിയ ആശ്രാമം കണ്ടൽകാടിനെ ജൈവവൈവിധ്യ പൈതൃകകേന്ദ്രമായി പ്രഖ്യാപിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് സർക്കാർ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സർക്കാരിൽ നിന്നും ലഭിച്ച മറുപടി**

കൊല്ലം ഈസ്റ്റ് വില്ലേജിന്റെയും കൊല്ലം നഗരസഭയുടെയും അധികാര പരിധിയിൽ വരുന്ന ആശ്രാമം മൈതാനം ഒഴികെ പ്രസ്തുത മേഖലയിലെ മറ്റ് പ്രദേശങ്ങൾ ജൈവവൈവിധ്യ സമ്പന്ന മേഖലകളായി പ്രഖ്യാപിച്ച് 2019 ജൂൺ 3-ന് കേരള സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു.

[പരിസ്ഥിതി (എ) വകുപ്പിന്റെ 11.05.2022-ലെ എ 2/186/2017/പരി. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 10.08.2022-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 30)**

പ്രാദേശിക ജൈവവിഭവങ്ങളെ സംബന്ധിച്ച അറിവ്, അവയുടെ ലഭ്യത, ഔഷധമൂല്യം, പരമ്പരാഗത അറിവുകൾ തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്ററാണ് ജൈവവൈവിധ്യ രജിസ്റ്റർ. സംസ്ഥാന ജൈവവൈവിധ്യ ബോർഡ് തയ്യാറാക്കി നൽകുന്ന നിർദ്ദിഷ്ട മാതൃകയിൽ വിവരങ്ങൾ രേഖപ്പെടുത്തി ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ ബി.എം.സി.കൾ തയ്യാറാക്കേണ്ടതും പരിപാലിക്കേണ്ടതുമാണ്. ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കുന്നതിനും അതിന്മേൽ തുടർനടപടികൾ നടത്തുന്നതിനും മേഖല

അടിസ്ഥാനത്തിൽ അവലോകനം നടക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. പരമ്പരാഗത അറിവുകൾ ഭാവി തലമുറയ്ക്ക് കൈമാറുന്നതിനായി രജിസ്റ്ററിന്റെ updation അനിവാര്യമാണ്. ജനകീയ ജൈവവൈവിധ്യ രജിസ്റ്ററിന്റെ അവലോകനം, വിലയിരുത്തൽ, updation എന്നിവയുമായി ബന്ധപ്പെട്ട് ജില്ലാതലത്തിൽ ഒരു കമ്മിറ്റി ഉണ്ടാവുന്നത് രജിസ്റ്ററിലെ വിവരങ്ങളുടെ അവലോകനം സുഗമമാക്കുമെന്ന് സമിതി കരുതുന്നു. ആയതിനാൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു സമിതിയുണ്ടാക്കി ജനകീയ ജൈവവൈവിധ്യ രജിസ്റ്ററിന്റെ അവലോകനം, വിലയിരുത്തൽ, updation എന്നിവ പരിശോധിക്കുന്നതിനായുള്ള ഒരു സംവിധാനം ഉണ്ടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>**

കേരളത്തിലെ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ തയ്യാറാക്കിയിട്ടുള്ള ജനകീയ ജൈവവൈവിധ്യ രജിസ്റ്ററിന്റെ അവലോകനം, വിലയിരുത്തൽ, updation എന്നിവ നടത്തി ജനകീയ ജൈവവൈവിധ്യ രജിസ്റ്ററിന്റെ രണ്ടാം ഭാഗം തയ്യാറാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് കൈക്കൊണ്ടിട്ടുണ്ട്. ആയതിനുവേണ്ട മാർഗ്ഗരേഖ ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. നിർദ്ദിഷ്ട മാർഗ്ഗരേഖ പ്രകാരം ജൈവവൈവിധ്യ രജിസ്റ്ററിന്റെ അപ്ഡേഷൻ പ്രവർത്തനങ്ങൾ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ബോർഡിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ പ്രത്യേക പരിശീലനം നൽകി നടപ്പിലാക്കുന്നതാണ്. നൂറിൽപ്പരം തദ്ദേശഭരണ സ്ഥാപനങ്ങൾ 2022-23 പ്ലാൻ സ്കീമിൽ ജനകീയ ജൈവവൈവിധ്യ രജിസ്റ്ററിന്റെ updation പ്രവർത്തനങ്ങൾക്കായി ഫണ്ട് വകയിരുത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത തദ്ദേശസ്ഥാപനങ്ങളിൽ പരിശീലനം നൽകി ജൈവവൈവിധ്യ രജിസ്റ്ററിന്റെ updation പ്രവർത്തനങ്ങൾ ഈ വർഷം തന്നെ ആരംഭിക്കുന്നതിനാണ് ബോർഡ് തീരുമാനിച്ചിട്ടുള്ളത്. ജില്ലാതല

ജൈവവൈവിധ്യ കോർഡിനേഷൻ (District Level Co-ordination Committee - DBCC) രൂപീകരിക്കുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പിൽ സ്വീകരിച്ച് വരുന്നതായി സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

[പരിസ്ഥിതി (എ) വകുപ്പിന്റെ 22.10.2022-ലെ എ 2/186/2017/പരി. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 26.10.2022-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 31)**

സർക്കാർ വകുപ്പുകൾ നടപ്പാക്കുന്ന എല്ലാ പദ്ധതികളും ജൈവവൈവിധ്യത്തെ പ്രതികൂലമായി ബാധിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിൽ ടെക്നിക്കൽ സപ്പോർട്ടിംഗ് ഗ്രൂപ്പിന്റെ പരിശോധനയും ശിപാർശയും പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാരിൽ നിന്നും ലഭിച്ച മറുപടി**

03.03.2020-ലെ സ.ഉ(സാധാ)5/2020/പരി. സർക്കാർ ഉത്തരവ് പ്രകാരം ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പുകളുടെ സഹായത്തോടെ പ്രാഥമിക സർവേ നടത്തിയ ശേഷം ബി.എം.സി.ക്ക് ഒരു പ്രദേശത്തെ പ്രാദേശിക ജൈവവൈവിധ്യ പ്രദേശമായി പ്രഖ്യാപിക്കാൻ കഴിയുന്നതാണ്. ജൈവവൈവിധ്യ നിയമങ്ങളും ചട്ടങ്ങളും പ്രകാരം മേൽ ഉത്തരവിന്റെ ലംഘനത്തിന്, ബി.എം.സി.ക്ക് നടപടി എടുക്കാനും കഴിയുന്നതാണ്. ഇതുവരെ 10 പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രം/വൃക്ഷങ്ങൾ എന്നിവ ബി.എം.സി കണ്ടെത്തിയിട്ടുണ്ട്.

[പരിസ്ഥിതി (എ) വകുപ്പിന്റെ 11.05.2022-ലെ എ 2/186/2017/പരി. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 10.08.2022-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 32)**

ഓരോ വർഷവും ജില്ലയിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് ടെക്നിക്കൽ സപ്പോർട്ടിംഗ് ഗ്രൂപ്പ് പഠനം നടത്തി പരിഹാരമാർഗ്ഗങ്ങൾ

നിർദ്ദേശിക്കണമെന്നും ഇതുസംബന്ധിച്ച് പൊതുജനങ്ങൾക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**സർക്കാരിൽ നിന്നും ലഭിച്ച മറുപടി**

ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് സ്വീകരിച്ചു വരുന്നു.

[പരിസ്ഥിതി (എ) വകുപ്പിന്റെ 11.05.2022-ലെ എ 2/186/2017/പരി. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 10.08.2022-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 33)**

ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാരിൽ നിന്നും ലഭിച്ച മറുപടി**

2020 ജനുവരി മുതൽ സംസ്ഥാനത്ത് ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക് ഉല്പന്നങ്ങൾ നിരോധിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

[പരിസ്ഥിതി (എ) വകുപ്പിന്റെ 11.05.2022-ലെ എ 2/186/2017/പരി. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 10.08.2022-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.]

**ശിപാർശ (ഖണ്ഡിക 34)**

ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതോടൊപ്പം കേരളത്തിലെ വംശനാശ ഭീഷണി നേരിടുന്ന സസ്യജന്തുജാലങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഗ്രന്ഥം തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സർക്കാരിൽ നിന്നും ലഭിച്ച മറുപടി**

ഐ.യു.സി.എൻ. റെഡ് ഡേറ്റ ബുക്കിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കേരളത്തിലെ വംശനാശ ഭീഷണി നേരിടുന്ന പുഷ്പ-ജന്തുജാലങ്ങളുടെ വിവരങ്ങളും ഷെഡ്യൂൾഡ് സ്പീഷീസുകളുടെ വിവരങ്ങളും ഉൾപ്പെടുത്തി ഒരു പട്ടിക തയ്യാറാക്കാനുള്ള ഒരു പദ്ധതി ജെ.എൻ.ടി.ബി.ജി.ആർ.ഐ. സുവോളജിക്കൽ സർവേ ഓഫ് ഇന്ത്യ, സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ സഹായത്തോടെ ബോർഡ് 2019-20 സാമ്പത്തിക വർഷത്തിൽ ആവിഷ്കരിച്ചു. സംരക്ഷിക്കപ്പെടേണ്ട സ്പീഷീസുകളുടെ പട്ടിക തയ്യാറാക്കൽ, അതിനായി എടുക്കേണ്ട നടപടികൾ, ജൈവവൈവിധ്യ നിയമത്തിലെ സെക്ഷൻ 38 പ്രകാരം വിജ്ഞാപനം ചെയ്യേണ്ട സ്പീഷീസുകൾ എന്നിവയുടെ പട്ടിക തയ്യാറാക്കലാണ് പദ്ധതി ലക്ഷ്യമാക്കുന്നത്.

[പരിസ്ഥിതി (എ) വകുപ്പിന്റെ 11.05.2022-ലെ എ 2/186/2017/പരി. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 10.08.2022-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.]

എം. എം. മണി,
ചെയർപേഴ്സൺ,
സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.

തിരുവനന്തപുരം,
2025 ജൂലൈ 31